**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5111** **02-11-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ കലണ്ടർ പുന:ക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ക്രമം തെറ്റി പെയ്യുന്ന കനത്ത മഴയിൽ കുട്ടനാട്ടിലെ കാർഷിക മേഖലക്ക് ഉണ്ടാകുന്ന കനത്ത നഷ്ടം ഒഴിവാക്കാൻ വാട്ടർ കലണ്ടർ പുന:ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ജല കലണ്ടറും (water calendar) കാർഷിക കലണ്ടറും (crop calendar) ശാസ്ത്രീയമായി സംയോജിപ്പിച്ച് സമയബന്ധിതമായി ഏകോപിത കൃഷി പരിപാലനവും കൃഷി ക്രമങ്ങളും നടപ്പിലാക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം മൂലം കാലവർഷത്തിൽ വലിയ മാറ്റം ആണ്ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കുട്ടനാട് മേഖലയിൽ നടത്തിയ പഠനങ്ങളിൽ ഇത് കൃഷിയെ നിർണ്ണായകമായി സ്വാധീനിക്കും വിധത്തിൽ കാലവർഷ കാലത്തും തുലാവർഷ കാലത്തും മഴ ലഭ്യതയിൽ സാരമായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. മഴയുടെ അളവിനെയും നീരോഴുക്കിനെയും അടിസ്ഥാനപ്പെടുത്തിയാണ് കുട്ടനാട്ടിലെ 6 നെൽകൃഷി മേഖലകളിലേക്കും കുട്ടനാട് കായൽ കൃഷി ഗവേഷണ കേന്ദ്രം (IRTCBSF, Kuttanad) കാർഷിക കലണ്ടർ രൂപപ്പെടുത്തിയിട്ടുള്ളത്. ലവണജലം കടന്നു കൂടുന്ന പ്രശ്നം തീരെ ഇല്ലാത്തതും, നദികൾ വന്നു ചേരുന്നതും പ്രളയ ഭീഷണി ഏറെ ഉള്ളതുമായ അപ്പർ കുട്ടനാട് മേഖലയിൽ തുലാ വർഷ കാലം കഴിഞ്ഞ് നവംബർ മാസത്തിൽ കൃഷി ആരംഭിച്ച് വേനൽക്കാലത്തെ മഴ മാസങ്ങൾക്ക് മുൻപ് കൃഷി അവസാനിപ്പിക്കാനും കഴിയും വിധം ആണ് കാർഷിക കലണ്ടർ ശുപാർശ ചെയ്തിട്ടുള്ളത്. |
| (ബി) | തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവ യഥാസമയം ഉറക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടുന്ന പുതിയ സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി അമ്പലപ്പുഴ എം.എൽ.എ.യുടെ നേതൃത്വത്തിൽ റവന്യൂ, ഇറിഗേഷൻ (സിവിൽ, മെക്കാനിക്കൽ), കൃഷി വകുപ്പ്, പഞ്ചായത്ത്, കെ.എസ്.ഇ.ബി എന്നീ വിഭാഗങ്ങൾ അംഗങ്ങളായ ഒരു സമിതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ, കോട്ടയം ജില്ലാ കളക്ടർ, ജലസേചനം, കൃഷി, റവന്യൂ, ഫിഷറീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സമിതിയാണ് |

| | | | |
|---|---|---|---|
| | | | നിലവിൽ തണ്ണീർമുക്കം ബണ്ട് യഥാസമയം തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ